(ബി) കേസന്വേഷണം ഏത് ഘട്ടത്തിലാണെന്നും ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ കേസന്വേഷണം നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-3-2009, 9-4-2009, 10-4-2009 എന്നീ തീയതികളിൽ. അന്വേഷണത്തിൽ പ്രതികളെപ്പറ്റി സൂചനകളൊന്നും ലഭിച്ചിട്ടില്ലാത്തതാകുന്നു.

(ബി&സി) മേൽ സംഭവത്തിന് രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നമ്പർ 176/2009 u/s 447, 427, 308 IPC, 270/2009 447, 427 IPC കേസ്സുകളുടെ ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെപ്പറ്റി വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ കേസ്സുകൾ യഥാക്രമം 24-4-2010, 31-10-2009 എന്നീ തീയതികളിൽ Undetected ആയി തീർപ്പു കൽപ്പിച്ചിട്ടുള്ളതാണ്.

രാമചന്ദ്രന്റെ കൊലപാതക കേസന്വേഷണത്തിന്റെ പുരോഗതി

35 (4641) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചലിൽ ഭാര്യയുടെയും പെൺമക്കളുടെയും മുന്നിൽ വച്ച് വെട്ടിക്കൊലപ്പെടുത്തിയ കോൺഗ്രസ് നേതാവ് രാമചന്ദ്രന്റെ കൊലയാളിയെ പോലീസ് പിടികൂടിയോ ;

(ബി) എങ്കിൽ, എത്രപേർക്കെതിരായിട്ടാണ് കേസ് ചാർജ്ജ് ചെയ്തിട്ടുള്ളത് ; ഇവരുടെ രാഷ്ട്രീയ ബന്ധം എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് ഈ കേസ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കേസിലെ പ്രതികൾ ആരൊക്കെയാണ് ; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ;

(ഇ) ഇനിയും, ആരെയെങ്കിലും, ഈ കേസുമായി ബന്ധപ്പെട്ട് പിടികൂടാനുണ്ടോ ?

ഉത്തരം

(എ) പിടികൂടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 16 പേർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

15 - സി.പി.എം. പ്രവർത്തകരും.

1 - ഐ.എൻ.റ്റി.യു.സി. പ്രവർത്തകനും.

(സി) ഏരൂർ പോലീസ് സ്റ്റേഷൻ Cr. 314/10 U/s 143, 147, 148, 449, 302, 506(2), 149 IPC and Sec 20 r/w 27 of Arms Act.

(ഡി) 1. ഗിരീഷ് കുമാർ, 35 S/o ചെല്ലപ്പൻ പിള്ള, സീനാഭവൻ, നെട്ടയം.

2. പത്മൻ, 40 S/o ജയദേവൻ, വടക്കേവിള വീട്, തോളൂർ, പത്തടി

3. അഫ്സൽ, 23 S/o താജുദ്ദീൻ, പള്ളിക്കു കിഴക്കതിൽ വീട്, ഏരൂർ.

4. നജ്മൽ ഹുസൈൻ @ ഷറഫുദ്ദീൻ, റജീന മൻസിൽ, പത്തടി

5. രമേശൻ @ രമേശ് കുമാർ S/o രാധാകൃഷ്ണൻ, മണിമന്ദിരം, ഏഴാംകുളം.

6. രാജീവ്, 33 S/o രാജൻ, കാർത്തിക, വേലാംകോണം, ഏരൂർ.

7. ഷിബു, 31 S/o പാപ്പച്ചൻ, ബിജുഭവൻ, ഭാരതീപുരം.

8. വിമൽ, 23 S/o വിജയൻ, കാവുങ്കൽ കിഴക്കതിൽ, അയത്തിൽ.

9. സുധീഷ്, 22 S/o സുധാകരൻ, സുധീഷ് ഭവൻ, നെട്ടയം.

10. ശ്രീകുമാർ, 23 S/o ചെല്ലപ്പൻ, ശ്രീവിലാസം, വിളക്കുപാറ.

11. ഷാൻ, 21 S/o ലത്തീഫ്, കാട്ടുംപുറത്തുവീട്, ഏഴാംകുളം.

12. രതീഷ്, 22, S/o സത്യൻ, രതീഷ് ഭവൻ, മുഖത്താങ്ങ്.

13. ബിജു, 23 S/o അബ്ദുൾ റഷീദ്, ചരുവിള പുത്തൻവീട്, എളമാട്.

14. രഞ്ജിത്ത്, 23 S/o ഗോപിനാഥൻ ചെട്ടിയാർ, കാര്യന്തറ, കൊല്ലം.

15. സാലി @ കൊച്ചുണ്ണി, 26 S/o സുറ, ചരുവിള പുത്തൻവീട്, നെട്ടയം.

16. റിയാസ് @ മുനീർ, 29, S/o സെയിനുദ്ദീൻ, മേലേകര്യന്തറ, കാരാളിക്കോണം.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly